(സി) സംസ്ഥാന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

## പട്ടികവിഭാഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം

12 (795)ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി 1997-98, 1998-99 വർഷങ്ങളിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ളതിനേക്കാൾ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 100-ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 114-ഉം പ്രീ-മെട്രിക് ഹോസ്റ്റലുകൾ ഇപ്പോഴുണ്ട്. 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുണ്ട്. ഹോസ്റ്റലിലേക്ക് ആവശ്യമായ ഫർണിച്ചർ, കിടക്ക, പാത്രങ്ങൾ, ഗ്രെയിന്റർ, ഗ്യാസ് കണക്ഷൻ തുടങ്ങിയവ വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി ലൈബ്രറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിശദ വിവരം താഴെ ചേർക്കുന്നു.

| വകുപ്പ് | വർഷം | തുക |
|---|---|---|
| പട്ടികജാതി വികസന വകുപ്പ് | 1997-98 | 523 ലക്ഷം രൂപ |
| | 1998-99 | 559 ലക്ഷം രൂപ |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 1997-98 | 465.57 ലക്ഷം രൂപ |
| | 1998-99 | 573.94 ലക്ഷം രൂപ |

(സി) ഓരോ ഹോസ്റ്റലുകളിലും എത്ര കുട്ടികളെ പ്രവേശിപ്പിക്കാമെന്ന് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അതിനേക്കാൾ കൂടുതൽ കുട്ടികളെ ഹോസ്റ്റലിൽ പ്രവേശിപ്പിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർണ്ണയിക്കുമ്പോൾ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly